**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3654 — 14.03.2017 ൽ മറുപടിക്ക്

കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടേയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പരിപാടികളുടേയും വിശദവിവരം നൽകുമോ; | (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കാനുദ്ദേശിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയും ലക്ഷ്യമിട്ട് ആരംഭിച്ച ആർദ്രം മിഷൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. ഈ മിഷന്റെ ആദ്യഘട്ടത്തെ പ്രവർത്തനത്തിൽ കോങ്ങോട് മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുത്തിരിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ് കല്ലാടിക്കോട് (Kalladikode) പ്രാഥമികാരോഗ്യകേന്ദ്രം. ഇതിലേയ്ക്കുള്ള പ്രവർത്തനമെന്ന നിലയിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) | 2017-18 വർഷ കാലയളവിൽ പൂർത്തീകരിയ്ക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ? | (ബി) | കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്ന പ്രക്രിയ 2017-2018 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ